(ബി) ൧൯൩൦, ൧൯൩൧-൪൨ കൊല്ലങ്ങളിൽ ഏറ്റവും കൂടുതൽ സംഖ്യ (പണം) ലഭിച്ചിട്ടുള്ള പഞ്ചായത്ത് ഏതാണ്?

(സി) അതിലെ ജനസംഖ്യ, വിസ്തീർണ്ണം ഇവയെത്ര;

(ഡി) മേത്തല പഞ്ചായത്തിന്റെ (including town portion) വിസ്തീർണ്ണം, ജനസംഖ്യ;

(ജി) മേല്പറഞ്ഞ കൊല്ലങ്ങളിൽ അനുവദിച്ച സംഖ്യ (പണം) ഇവയെത്ര?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) പഞ്ചായത്തുകളിലേക്ക നൽകുന്ന മൊത്തസംഖ്യ വിസ്തീർണ്ണം, ജനസംഖ്യ ഇവ അടിസ്ഥാനമാക്കിയും മെയിൻറനൻസ് സംഖ്യ ആവശ്യപ്രകാരവും ആണ് വീതിക്കുന്നതു്.

(ബി) പട്ടഞ്ചേരി പഞ്ചായത്താണ് കൂടുതൽ മൊത്ത സംഖ്യ ലഭിച്ചിട്ടുള്ളതു്.

(സി) ജനസംഖ്യ ൧൨, ൦൫൨ വിസ്തീർണ്ണം ൦.൩൫ ഏക്ക്.

(ഡി) ജനസംഖ്യ ൧൭, ൧൨൪ വിസ്തീർണ്ണം ൪൫ വ്യ ഏക്ക്.

(ഇ) മൊത്ത സംഖ്യ ൧൯൩൦—ക. ന. ൦൯. ൧൯൩൧—ക. ന. ൦൯.

TRIPPUNITTURA TOWN

734. മിസ്റ്റർ പി. നാരയണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവ മ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ബഹുമാനപ്പെട്ട മന്ത്രിയുടെ തൃപ്പൂണിത്തുറ സന്ദർശനത്തിനുശേഷം അദ്ദേഹം ആ നഗരത്തിന്റെ ശുചീകരണത്തിനായി എന്തെല്ലാമാണ് നിർദ്ദേശിച്ചിട്ടുള്ളതു്;

(ബി) ഇവ ഓരോന്നും എന്നാണ് പ്രവൃത്തിയിൽ വരുക?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) (൧) തൃപ്പൂണിത്തുറ ബസ്സ്റ്റാന്റും പരിസരങ്ങളും നന്നാക്കുക.

(൨) തൃപ്പൂണിത്തുറ അഞ്ചലാപ്പീസിന്റെ മുമ്പിലുള്ളതും ചക്കംകുളങ്ങര ക്ഷേത്രത്തിലേക്ക് നയിക്കുന്നതുമായ റോഡ് നന്നാക്കുകയും പൊതുമരാമത്തു വകുപ്പിലേക്ക് മാറ്റുകയുംചെയ്യുക.

(൩) പോളക്കുളവും പരിസരങ്ങളും നന്നാക്കുക.

(൪) പോളക്കുളം ചാൽ നന്നാക്കുക.

(൫) പോളക്കുളം കക്കൂസ നന്നാക്കുക.

(൬) തൃപ്പൂണിത്തുറ ഗേൾസ് ഹൈസ്കൂളിലേക്ക് പോകുന്ന റോഡ് നന്നാക്കുക.

(൭) നടമേൽ ചന്തയ്ക്ക സമീപമുള്ള കുളിപ്പുരയും കക്കൂസയും പരിസരവും നന്നാക്കുക.

(൮) ബോയ്സ് ഹൈസ്കൂളിന്റെ വടക്കേഅറ്റത്തുള്ള കുളം മൂടുക.

(൯) ബോയ്സ് ഹൈസ്കൂൾ റോഡ് പൊതു മരാമത്തു വകുപ്പിലേക്കു മാറ്റുക.

(൧൦) ബോയ്സ് ഹൈസ്കൂൾ റോഡ് ജങ്ഷനിൽ നില്ക്കുന്ന ഇലക്ട്രിക്ക് വിളക്കുകാൽ മാറ്റി സ്ഥാപിക്കുക.

(ബി) (൧) ബസ്സ്റ്റാന്റ് നന്നാക്കുന്ന പണിക്കുവേണ്ടി വരുന്ന തുക അടുത്തകൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിക്കുന്നതാണ്: ചില്ലറ അറ്റകുറ്റപണികൾ ഇക്കൊല്ലം തന്നെചെയ്യുന്നുണ്ട്.

(൨) പ്രസ്തുത റോഡ് പൊതുമരാമത്തു വകുപ്പിലേക്ക് മാറ്റിക്കഴിഞ്ഞു. നന്നാക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

(൩) ഇതിനുവേണ്ടി അകപിസിഷൻ മുതലായ നടപടികൾ നടത്തിവരുന്നുണ്ട്.

(൪) ഇതു് തൃപ്പൂണിത്തുറ ഡ്രെയിനേജ് സ്കീമിൽ ചേർത്തിട്ടുള്ളതും ൧൯൫൬-ൽ ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണ്.

(൫) ഈ പണി ഇക്കൊല്ലം തന്നെ ചെയ്യുന്നുണ്ട്.

(൬) ഈ പണി വർഷാരംഭത്തിനുമുമ്പു ചെയ്യുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

(൭) പ്രസ്തുത പണി ഇക്കൊല്ലം തന്നെ ചെയ്യുന്നുണ്ട്.

(൮) ഇക്കാര്യം പ്രസ്തുത കുളത്തിന്റെ ഉടമസ്ഥനുമായി ആലോചനയിലിരിക്കുകയാണ്.

(൯) പ്രസ്തുതറോഡ് പൊതു മരാമത്തു് വകുപ്പിലേക്ക് മാറ്റികഴിഞ്ഞു.

(൧൦) വിളക്കുകാൽ മാറ്റിസ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly